DESPATCHED 23/06/2020

17/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 203(2)/2017/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 276/എസ്.ഐ.സി-ജി 6/2017)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീമതി മീരാ ജോസ്,
മടിയത്ത് വീട്, കൊളക്കാട് പി.ഒ,
കണ്ണൂർ - 670 673 } **അപ്പീൽ ഹർജിക്കാരി**

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കണിച്ചാർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
   കണിച്ചാർ പി.ഒ, കണ്ണൂർ.

2. അപ്പീൽ അധികാരി,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
   കണ്ണൂർ.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30.06.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.07.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 13.08.2016 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 14.10.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 07.01.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി മീരാ ജോസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി ലഭ്യമാക്കാതിരുന്നതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും ടി അപ്പീലിന്മേൽ മറുപടി നൽകാൻ അപ്പീൽ അധികാരി ഉത്തരവിട്ടിട്ടും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വിവരം ലഭ്യമാക്കിയില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരി 30.06.2016 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു:

i) കണിച്ചാർ ഗ്രാമപഞ്ചായത്തിലെ സർവ്വെ നമ്പർ 1041 ൽപ്പെട്ട സ്ഥലത്ത് ഏത് വർഷത്തെ ഏത് രേഖ പ്രകാരമാണ് ഉടമസ്ഥാവകാശം കണിച്ചാർ പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നതെന്ന വിവരം ലഭ്യമാക്കുക.

ii) ടി രേഖയുടെ സർട്ടിഫൈഡ് ഫോട്ടോകോപ്പി ലഭ്യമാക്കുക.

iii) കരാറുകാരന് പഞ്ചായത്ത് നൽകിയ വർക്ക് ഓർഡറിലെ ഏതെങ്കിലും ഐറ്റം ചെയ്യാതിരിക്കുന്നതിന് പഞ്ചായത്ത് ആധികാരികമായി ഒഴിവു നൽകിയിട്ടുണ്ടെങ്കിൽ അത് വർക്ക് ഓർഡറിലെ ഏത് ഐറ്റം ആണ് എന്ന വിവരം ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട് 5 ഇനങ്ങളിലായുള്ള വിവരങ്ങളായിരുന്നു.

3. അപ്പീൽ അധികാരി 09.02.2017 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 04.10.2016 ൽ ഹാജരാകാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും അപ്പീൽ ഹർജിക്കാരി ഹാജരായില്ല. അപ്പീൽ ഹർജിക്കാരിക്ക് സമയപരിധിക്കകം മറുപടി നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് നടത്തിയതായി പറയപ്പെടുന്ന പ്രവർത്തനങ്ങൾ സർവ്വെ നമ്പർ പ്രകാരം കണ്ടുപിടിക്കുന്നതിന് സാധ്യമാവില്ലായെന്നും ആയതിനാലാണ് അത്തരത്തിൽ മറുപടി നൽകിയതെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരി അപേക്ഷയിൽ പ്രവൃത്തി നടന്ന സ്ഥലത്തിന്റെ വ്യക്തമായ സ്ഥലപേരോ, റോഡിന്റെ പേരോ അടക്കമുള്ള വിവരങ്ങളോ പഞ്ചായത്ത്

ഏറ്റെടുത്ത പ്രവൃത്തിയുടെ പേരോ വ്യക്തമാക്കിയില്ലായെന്നും എന്നിരുന്നാലും ടിയാൾ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ എതിർകക്ഷി കാര്യകാരണസഹിതം വ്യക്തമാക്കി നൽകുന്നതിനും പകർപ്പുകൾ ലഭ്യമാണെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി ആയത് നൽകുന്നതിനും പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപ്പീൽ തീർപ്പാക്കുകയും ചെയ്തു എന്നുമറ്റുമാണ്.

5. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 21.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരി ഹാജരായില്ല.

6. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലെ ചോദ്യങ്ങൾ വ്യക്തമാക്കി നൽകണമെന്നും അറിയിച്ച് സമയബന്ധിതമായി മറുപടി നൽകിയെങ്കിലും പ്രസ്തുത അപേക്ഷ ടിയാൾ വ്യക്തമാക്കി നൽകിയില്ലായെന്നും കമ്മീഷന്റെ നിർദ്ദേശം അനുസരിച്ച് അന്വേഷണം നടത്തിയതിൽ നിന്നും ലഭ്യമായ വിവരങ്ങൾ 24.12.2018 ൽ രജിസ്റ്റേർഡ് തപാൽ മുഖാന്തിരം അയച്ചുകൊടുത്തുവെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷികൾ നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**